ഒത്തുതീർപ്പ് വ്യവസ്ഥപ്രകാരം ധാരണയായിട്ടുണ്ട്. 'മാനേജ്മെന്റ് ഏകപക്ഷീയമായി പ്രഖ്യാപിച്ച ബോണസ് അംഗീകരിക്കാൻ കഴിയില്ലെങ്കിലും ബോണസ് സംബന്ധിച്ച തർക്കം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് റഫർ ചെയ്തതിനാൽ ഇപ്പോൾ ഒപ്പിട്ട ബോണസ്, ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ തീരുമാനത്തിന് വിധേയമായി തൊഴിലാളികൾ കൈപ്പറ്റും' എന്നാണ്. 31-3-2016-ന് മുൻപായി ബോണസ് വിതരണം ചെയ്യാൻ മാനേജ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. സാലറി അഡ്വാൻസ് 1,000 രൂപ 12-4-2016-ന് മുൻപായി നൽകുന്നതിനും ഈ തുക 2016 ജൂൺ, ജൂലൈ മാസങ്ങളിൽ തിരിച്ചു പിടിക്കുന്നതിനും വ്യവസ്ഥ ചെയ്തു. മേൽപ്പറഞ്ഞ ഒത്തുതീർപ്പ് വ്യവസ്ഥപ്രകാരം 1,000 രൂപ ശമ്പളത്തിൽനിന്ന് തിരിച്ചുപിടിക്കുന്നതിന് സി.ഐ.ടി.യു. എതിർപ്പ് പ്രകടിപ്പിക്കുകയും ഈ വിഷയത്തിൽ 25-8-2016-ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ അനുരഞ്ജന ചർച്ച വിളിക്കുകയും ചർച്ചയിൽ സമരം ചെയ്ത തൊഴിലാളികൾക്ക് നൽകിയ അഡ്വാൻസ് 11,000 രൂപ 2016 ജൂൺ, ജൂലൈ മാസങ്ങളിൽ തിരിച്ചു പിടിച്ചിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച് ഉന്നതതല ചർച്ച നടത്തി പരിഹാരമുണ്ടാക്കാനും ധാരണയിലെത്തിയിട്ടുണ്ട്.

### (9) തൊഴിൽ നിയമങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളത്തിലെ ചുമട്ടു തൊഴിലാളികൾ ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. തൊഴിൽ നിയമങ്ങൾ അശാസ്ത്രീയമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അവർ തൊഴിൽ മേഖലയിൽ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരം രൂപീകൃതമായ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ അതാത് പ്രദേശങ്ങളിലെ നിരവധി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 26 (A) പ്രകാരമുള്ള എ.എൽ.ഒ. കാർഡ് ഉള്ളവർക്കു മാത്രമേ സംസ്ഥാനത്ത് കയറ്റിറക്ക് ജോലി ചെയ്യാനാകൂ. ക്ഷേമപദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശത്തെ തൊഴിലാളികളും ഉടമകളും ബോർഡിൽ രജിസ്റ്റർ ചെയ്താണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ ചിലർ ഇതിന് വിരുദ്ധമായി ഇതരസംസ്ഥാന തൊഴിലാളികളെയും അല്ലാത്തവരേയുംകൊണ്ട് ജോലി ചെയ്യിക്കാൻ ശ്രമിക്കുന്നതും ചില എ.എൽ.ഒ.-മാരും ഡി.എൽ.ഒ.-മാരും വിവേചനാധികാരം ഉപയോഗിച്ച് അർഹതയില്ലാത്തവർക്ക് കാർഡുകൾ കൊടുക്കുന്നതും ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടത്തിനും തുടർന്ന് കേസ്സുകൾക്കും ഇടയാകുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് കാർഡ് കൊടുക്കണമെങ്കിൽ 1978-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രേറ്റഡ് ലേബർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്. കൂടാതെ ജില്ലാ ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡുകളുടെ എൻ.ഒ.സി. കിട്ടാതെ എ.എൽ.ഒ., കാർഡ് കൊടുക്കുന്ന രീതി നിയമംമൂലം മാറ്റേണ്ടതാണ്. ആയതിനാൽ ചുമട്ടുതൊഴിലാളികൾ നേരിടുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള ചുമട്ടുതൊഴിലാളി നിയമത്തിൽ വ്യക്തത വരുത്താനും ചട്ടത്തിൽ ഭേദഗതി കൊണ്ടുവരാനും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരം അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളിൽ നിന്നും 26 (എ) രജിസ്ട്രേഷനുവേണ്ടി അപേക്ഷകൾ ലഭിച്ചുകഴിഞ്ഞാൽ രജിസ്റ്ററിംഗ് അതോറിറ്റിയായ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ അപേക്ഷകൻ ചുമട്ടുതൊഴിൽ ചെയ്യുന്നതായി അവകാശപ്പെടുന്ന പ്രദേശത്തെ സ്ഥാപനങ്ങളിൽ അന്വേഷണം നടത്തി പ്രസ്തുത പ്രദേശത്തെ തൊഴിൽ സാധ്യതകൂടി പരിശോധിച്ചശേഷമാണ് അപേക്ഷയിൽ തീരുമാനമെടുക്കുന്നത്. അറ്റാച്ച്ഡ് കാർഡ് നൽകേണ്ട സാഹചര്യങ്ങളിലും ഇതുസംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അറ്റാച്ച്ഡ് കാർഡിനു വേണ്ടി ഫോറം 9-ൽ അപേക്ഷ ലഭിച്ചാൽ അസിസ്റ്റന്റ് ലേബർ ഓഫീസർ, അപേക്ഷകൻ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളതായ തൊഴിലുടമകൾക്ക് ഫോറം 10 പ്രകാരമുള്ള നോട്ടീസയച്ച് അവരെക്കൂടി ഹിയറിംഗ് നടത്തിയ ശേഷമാണ് തീരുമാനമെടുക്കാറുള്ളത്. പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അഭിപ്രായംകൂടി ആരാഞ്ഞശേഷമാണ് 26 (എ) കാർഡ് രജിസ്ട്രേഷൻ സംബന്ധിച്ച തീരുമാനമെടുക്കുന്നത്. എന്നാൽ ചില അവസരങ്ങളിൽ ഇതുസംബന്ധിച്ച് ഹൈക്കോടതി നൽകുന്ന നിർദ്ദേശങ്ങളുംകൂടി പാലിക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാകുന്നു. സബ്മിഷനിൽ ഉന്നയിച്ചിട്ടുള്ളപ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചുമട്ടുതൊഴിലാളി നിയമപ്രകാരം തിരിച്ചറിയൽ കാർഡ് അനുവദിക്കുന്നതിന് ഇവർ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് വ്യവസ്ഥയില്ല. കൂടാതെ ഇവർക്ക് ചുമട്ടുതൊഴിലാളി നിയമപ്രകാരം 26(എ) തിരിച്ചറിയൽ കാർഡ് നൽകുന്നത് വിലക്കിക്കൊണ്ട് 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമത്തിലോ 1981-ലെ ചട്ടത്തിലോ പ്രതിപാദിച്ചിട്ടില്ല. ചുമട്ടുതൊഴിൽ കാർഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കോ ജില്ലാ ലേബർ ഓഫീസർമാർക്കോ വിവേചനാധികാരമില്ല. ഈ വിഷയത്തിൽ ഒരു നിയമവിരുദ്ധ നടപടികളും അനുവദിക്കുന്ന പ്രശ്നമില്ല.

## (10) നിയമ സർവ്വകലാശാല

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളത്തിൽ നിയമപഠനം ഇപ്പോൾ വിവിധ സർവ്വകലാശാലകൾക്ക് കീഴിലാണ് നടക്കുന്നത്. എഞ്ചിനീയറിംഗ് കോളേജുകൾക്കായി സാങ്കേതിക സർവ്വകലാശാലയും മെഡിക്കൽ പഠനത്തിനായി ആരോഗ്യ സർവ്വകലാശാലയും സ്ഥാപിച്ച മാതൃകയിൽ കേരളത്തിലെ നിയമപഠനത്തിനായി ഒരു നിയമ സർവ്വകലാശാല സ്ഥാപിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചാണ് ഈ സബ്മിഷൻ. ഇത്തരമൊരു സർവ്വകലാശാല സ്ഥാപിക്കുകവഴി ഈ രംഗത്തെ വളർച്ചയ്ക്കും വികാസത്തിനും സഹായകരമാകും. മുൻപ് നമ്മുടെ സംസ്ഥാനത്ത് മൂന്ന്

LIBRARY ARCHIVES Kerala Legislative Assembly